ഭരണഭാഷ – മാതൃഭാഷ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
**dtekerala@gmail.com**
**0471 2561307**

<u>നടപടിക്രമം</u>

സാങ്കേതിക വിദ്യാഭ്യാസം – ജീവനക്കാര്യം - പ്രൊഡക്ഷൻ എഞ്ചിനീയറിങ് വിഭാഗം - **QIP** ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന തൃശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ അസിസ്റ്റൻറ് പ്രൊഫസർ ശ്രീ അനിൽ രാജഗോപാൽ കെ പി ക്കു പുനർനിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

ജീവനക്കാര്യം (എ) വിഭാഗം

നം. **DTETVM/3808/2025-EA5** തിരുവനന്തപുരം, തീയതി : **01-07-2025**

---

വായന:-
1. **G.O. (Rt) No. 1026/2022/HEDN** തീയതി **07.07.2022.**
2. തൃശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാളിന്റെ **25.04.2025** ലെ **GECTCR/492/2025-E1** നമ്പർ കത്ത്.

<u>ഉത്തരവ്</u>

വായന **(1)** പ്രകാരം, തൃശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ പ്രൊഡക്ഷൻ എഞ്ചിനീയറിങ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ ശ്രീ അനിൽ രാജഗോപാൽ കെ പി **(PEN 803753)** ക്കു ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ **QIP** പ്രകാരം ഉപരിപഠനത്തിനു അനുമതി നല്കുകയും, തുടർന്ന് ടിയാൻ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തിരുന്നു.

വായന **(2)** പ്രകാരം, ശ്രീ അനിൽ രാജഗോപാൽ കെ പി യുടെ **3** വർഷ ഡെപ്യൂട്ടേഷൻ കാലയളവ് **24.07.2025** ൽ അവസാനിക്കുന്ന സാഹചര്യത്തിൽ ടിയാന് പുനർനിയമനം നൽകണമെന്ന് തൃശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാൾ അറിയിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ ശ്രീ അനിൽ രാജഗോപാൽ കെ പി യെ തൃശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ പ്രൊഡക്ഷൻ എഞ്ചിനീയറിങ് വിഭാഗത്തിലെ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലേക്ക് പുനർനിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ അനിൽ രാജഗോപാൽ കെ പി ഡെപ്യൂട്ടേഷൻ കാലാവധി അവസാനിക്കുന്ന മുറക്ക് തൃശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകേണ്ടതാണ്. പ്രിൻസിപ്പാൾ ടിയാൻറെ കോഴ്സ് പൂർത്തീകരിച്ചതായ സാക്ഷ്യപത്രം പരിശോധിച്ച് ടിയാന് പുനഃപ്രവേശനം അനുവദിക്കേണ്ടതും ചേരും കാലം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

Signed by
Jayaprakash P
Date: 01-07-2025 22:23:59

**JAYAPRAKASH P**
**DIRECTOR(INCHARGE)**

സ്വീകർത്താവ്,

1. പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിങ് കോളേജ്, തൃശൂർ.
2. ശ്രീ അനിൽ രാജഗോപാൽ കെ പി, അസിസ്റ്റൻറ് പ്രൊഫസർ ഇൻ പ്രൊഡക്ഷൻ എഞ്ചിനീയറിങ്.
3. അക്കൌണ്ടൻറ് ജനറൽ (A&E), തിരുവനന്തപുരം
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി